# Visit of the Prime Minister of the United Kingdom to India (April 21-22, 2022)

April 17, 2022

---

**യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (ഏപ്രിൽ 21-22, 2022)**

ഏപ്രിൽ 17, 2022

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം കിംഗ്ഡം പ്രധാനമന്ത്രി ബോറിസ് ജോൺസൺ എംപി, യുണൈറ്റഡ് 2022 ഏപ്രിൽ 21 മുതൽ 22 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും. യുണൈറ്റഡ് കിംഗ്ഡത്തിന്റെ പ്രധാനമന്ത്രി എന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യ സന്ദർശനമായിരിക്കും.

പ്രധാനമന്ത്രി ജോൺസണ് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണമാണ് ഒരുക്കിയിട്ടുള്ളത്. അദ്ദേഹം ഏപ്രിൽ 22 ന് പ്രധാനമന്ത്രിയുമായി ഉഭയകക്ഷി കൂടിയാലോചനകൾ നടത്തുന്നതാണ്. ന്യൂഡൽഹിയിലെ ഔദ്യോഗിക ചടങ്ങുകൾക്ക് പുറമേ, യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രി ഏപ്രിൽ 21 ന് ഗുജറാത്ത് സന്ദർശിക്കും.

ഇന്ത്യയും യു കെയും തമ്മിൽ ദീർഘവും ചരിത്രപരവുമായ ബന്ധമാണ് ഉള്ളത്. ഇത് 2021-ലെ ഇന്ത്യ-യുകെ വെർച്ചൽ ഉച്ചകോടിയിൽ സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തിലേക്ക് ഉയർത്തിയിരുന്നു. പ്രധാനമന്ത്രിമാർ റോഡ്മാപ്പ് 2030 ന്റെ നടപ്പാക്കൽ അവലോകനം ചെയ്യുകയും ഉഭയകക്ഷി ബന്ധങ്ങളുടെ സ്പെക്ട്രത്തിൽ സമ്പൂർണ്ണ സഹകരണം കൂടുതൽ തീവ്രമാക്കുന്നതിനുള്ള കാഴ്ചപ്പാട് ക്രമീകരിക്കുകയും ചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളെക്കുറിച്ചും അവർ കാഴ്ചപ്പാടുകൾ കൈമാറും.

**ന്യൂ ഡൽഹി**

**ഏപ്രിൽ 17, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.